(ഡി) സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. സ്ഥിരജീവനക്കാരുടെ താൽക്കാലികമായുണ്ടാകുന്ന ഒഴിവിലേക്ക് സർവ്വീസ് റദ്ദാക്കുന്നത് തടയാനായാണ് താൽക്കാലിക ഡ്രൈവർമാരെ നിയമിക്കുന്നത്. സ്ഥിരമായുള്ള ഒഴിവുകളിലേക്കല്ല താൽക്കാലിക ഡ്രൈവർമാരെ നിയമിക്കുന്നത്. ആയതിനാൽ ഇത്തരത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക ഡ്രൈവർമാർക്ക് പകരം പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ സാധിക്കുകയില്ല.

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിന് സെസ്സ്

301 (3123) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിന് സെസ് ഏർപ്പെടുത്തിയശേഷം എത്ര കോടി രൂപയാണ് മാസം അധികമായി ലഭിച്ചത് ;

(ബി) എത്ര കോടി രൂപയാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) സെസ് ഏർപ്പെടുത്തിയതിനുശേഷം യാത്രക്കാരുടെ എണ്ണത്തിൽ കുറവുണ്ടായതായി കരുതുന്നുണ്ടോ ; എങ്കിൽ മുൻപുണ്ടായതിൽനിന്നും എത്ര ശതമാനം കുറഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹ്യസുരക്ഷാസെസ്സ് ഏർപ്പെടുത്തിയശേഷം ഏപ്രിൽ 2015-ൽ സെസ്സിനത്തിൽ 5,15,56,827 രൂപയും മേയ് 2015-ൽ 5,80,04,163 രൂപയും ജൂൺ 2015-ൽ 5,16,74,413 രൂപയും ലഭിച്ചു.

(ബി) പ്രതിവർഷം 161 കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി&ഡി) സെസ്സ് ഏർപ്പെടുത്തിയതിനുശേഷം യാത്രക്കാരുടെ എണ്ണത്തിൽ കുറവുണ്ടായതായി കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly